published on 6.12.15

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 382

# 2015-ലെ കേരള ഹോട്ടലുകൾ (ഭക്ഷണ വില ക്രമീകരണം) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2015

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 382

# 2015-ലെ കേരള ഹോട്ടലുകൾ (ഭക്ഷണ വില ക്രമീകരണം) ബിൽ

ബിൽ നമ്പർ 382

# 2015-ലെ കേരള ഹോട്ടലുകൾ (ഭക്ഷണ വില ക്രമീകരണം) ബിൽ

കേരള സംസ്ഥാനത്തെ ഹോട്ടലുകളിലൂടെ വിൽപ്പന നടത്തുന്ന ഭക്ഷണ പദാർത്ഥങ്ങളുടെ വില ക്രമീകരിക്കുന്നതിനും ഈ ആവശ്യത്തിലേക്കായി ജില്ലാ ഭക്ഷണ വില ക്രമീകരണ അതോറിറ്റികൾ രൂപീകരിക്കുന്നതിനും ഇവയുമായി ബന്ധപ്പെട്ടതോ അവയ്ക്ക് ആനുഷംഗികമായതോ ആയ മറ്റ് കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—കേരള സംസ്ഥാനത്തെ ഹോട്ടലുകളിലൂടെ വിൽപ്പന നടത്തുന്ന ഭക്ഷണ പദാർത്ഥങ്ങളുടെ വില ക്രമീകരിക്കുന്നതിനും ഈ ആവശ്യത്തിലേക്കായി ജില്ലാ ഭക്ഷണ വില ക്രമീകരണ അതോറിറ്റികൾ രൂപീകരിക്കുന്നതിനും അവയുമായി ബന്ധപ്പെട്ടതോ അവയ്ക്ക് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കുംവേണ്ടി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയാറാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2015-ലെ കേരള ഹോട്ടലുകൾ (ഭക്ഷണ വില ക്രമീകരണം) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത്, ഗസറ്റ് വിജ്ഞാപനംവഴി, സർക്കാർ നിശ്ചയിക്കുന്ന തീയതിയിൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "പാനീയങ്ങൾ" എന്നതിൽ ചായ, കാപ്പി തുടങ്ങിയ പാചകം ചെയ്ത പാനീയങ്ങൾ, ശീതളപാനീയങ്ങൾ, പഴച്ചാറുകൾ എന്നിവ ഉൾപ്പെടുന്നതും അതിൽ ഔഷധങ്ങൾ, മദ്യം, നിയമാനുസൃത ലൈസൻസ് പ്രകാരം നിർമ്മിച്ച് സീൽ ചെയ്ത കുപ്പികളിൽ വിൽപ്പന നടത്തുന്ന 'ബോട്ടിൽഡ് പാനീയങ്ങൾ' ഉൾപ്പെടാത്തതുമാകുന്നു;

(ബി) "ജില്ലാ അതോറിറ്റി" എന്നാൽ 3-ാം വകുപ്പ് പ്രകാരം രൂപീകരിച്ച ഒരു ജില്ലാ ഭക്ഷണ വില ക്രമീകരണ അതോറിറ്റി എന്നർത്ഥമാകുന്നു;

(സി) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(ഡി) "ഹോട്ടൽ" എന്നതിൽ പൊതുജനങ്ങൾക്ക് ഭക്ഷണപദാർത്ഥങ്ങളോ പാനീയങ്ങളോ വിൽപ്പന നടത്തുന്ന സ്ഥാപനങ്ങൾ, അങ്ങനെയുള്ള ആവശ്യത്തിന് ഉപയോഗിക്കുന്ന സ്ഥലങ്ങൾ, ബേക്കറികൾ, തട്ടുകടകൾ, ഫാസ്റ്റ്ഫുഡ് സെന്ററുകൾ എന്നിവ ഉൾപ്പെടുന്നതും അതിൽ ഏതെങ്കിലും നക്ഷത്ര ഹോട്ടലുകളും ഹെറിറ്റേജ് വിഭാഗം ഹോട്ടലുകളും സർക്കാർ സ്ഥാപനങ്ങളുടെയോ അർദ്ധസർക്കാർ സ്ഥാപനങ്ങളുടെയോ സ്വകാര്യ സ്ഥാപനങ്ങളുടെയോ കമ്പനികളുടെയോ കീഴിൽ ജോലി ചെയ്യുന്ന ജീവനക്കാർ, അന്തേവാസികൾ എന്നിവർക്കുവേണ്ടി മാത്രം നടത്തുന്ന കാന്റീനുകളും ഹോസ്റ്റലുകളും ഉൾപ്പെടാത്തതുമാകുന്നു;

(ഇ) "ഹോട്ടൽ ഉടമ" എന്നാൽ സംസ്ഥാനത്ത് ഹോട്ടൽ നടത്തുന്ന വ്യക്തിയോ, വ്യക്തികളുടെ സമാജമോ കമ്പനിയോ സഹകരണ സ്ഥാപനമോ ഹോട്ടൽ നടത്താൻ ചുമതലപ്പെടുത്തപ്പെട്ടിട്ടുള്ള വ്യക്തിയോ ഹോട്ടൽ ലൈസൻസിയോ എന്നർത്ഥമാകുന്നു;

(എഫ്) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(ജി) "നക്ഷത്ര ഹോട്ടൽ" എന്നാൽ കേന്ദ്ര സർക്കാരിന്റെ ബന്ധപ്പെട്ട അധികാരസ്ഥാനം ഒരു നക്ഷത്രഹോട്ടലായി തരംതിരിച്ചിട്ടുള്ള ഹോട്ടൽ എന്നർത്ഥമാകുന്നു.

3. <u>ജില്ലാ ഭക്ഷണ വില ക്രമീകരണ അതോറിറ്റികളുടെ രൂപീകരണം.</u>—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി, ജില്ലയിലെ ഹോട്ടലുകൾ രജിസ്റ്റർ ചെയ്യുന്നതിനും ഹോട്ടലുകളിലെ ഭക്ഷണ പദാർത്ഥങ്ങളുടെയും പാനീയങ്ങളുടെയും വില ക്രമീകരിക്കുന്നതിനും, സർക്കാർ, ഗസറ്റ് വിജ്ഞാപനം വഴി, ഓരോ ജില്ലയിലും ഒരു ജില്ലാ ഭക്ഷണ വില ക്രമീകരണ അതോറിറ്റി രൂപീകരിക്കേണ്ടതാണ്.

(2) ജില്ലാ ഭക്ഷണ വില ക്രമീകരണ അതോറിറ്റിയിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(എ) ജില്ലാ ജഡ്ജിയോ ജില്ലാ ജഡ്ജിയായിരുന്നതോ ജില്ലാ ജഡ്ജിയായി നിയമിക്കപ്പെടാൻ യോഗ്യതയുള്ളതോ ആയ ഒരാളെ ചെയർപേഴ്സൺ ആയി സർക്കാർ നിയമിക്കേണ്ടതാണ്. ചെയർപേഴ്സന്റെ നിയമനത്തിനുള്ള നടപടിക്രമങ്ങൾ നിർണ്ണയിക്കപ്പെട്ട പ്രകാരമായിരിക്കുന്നതുമാണ്:

എന്നാൽ, ചെയർപേഴ്സനെ സർക്കാർ നിയമിച്ചിട്ടില്ലാത്തപക്ഷം, സർക്കാരിന്, 2013-ലെ ദേശീയ ഭക്ഷ്യസുരക്ഷാ ആക്റ്റിലെ (2013-ലെ 20-ാം കേന്ദ്ര ആക്റ്റ്) 15-ാം വകുപ്പ് പ്രകാരം നിയമിക്കപ്പെട്ട ജില്ലാ പരാതി പരിഹാര ആഫീസർക്ക്, ഗസറ്റ് വിജ്ഞാപനംവഴി, ചെയർപേഴ്സന്റെ ചുമതലകൾ ഏൽപ്പിച്ചുകൊടുക്കാവുന്നതാണ്;

(ബി) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, ആറിൽ കവിയാത്ത എണ്ണം അനൗദ്യോഗിക അംഗങ്ങൾ; അവരിൽ ഒരാൾ പട്ടികജാതിക്കാരിൽ നിന്നോ പട്ടികഗോത്രവർഗ്ഗങ്ങളിൽ നിന്നോ ആയിരിക്കേണ്ടതും, ഒരാൾ വനിതയും ഒരാൾ കുറഞ്ഞത് അഞ്ചുവർഷമെങ്കിലും കോടതിയിൽ സജീവ പ്രാക്ടീസ് ഉള്ള

അഭിഭാഷകനും രണ്ടുപേർ ജില്ലയിൽ കുറഞ്ഞത് ഏഴുവർഷമെങ്കിലും ഹോട്ടൽ നടത്തിപരിചയമുള്ള ഹോട്ടലുടമകളും ഒരാൾ പത്തുവർഷമെങ്കിലും ഭരണരംഗത്തോ സാമൂഹിക പ്രവർത്തന രംഗത്തോ പരിചയമുള്ളയാളും ആയിരിക്കേണ്ടതുമാണ്.

(സി) ജില്ലാ സപ്ലൈ ആഫീസർ—സെക്രട്ടറി (എക്സ്-ഒഫീഷ്യോ).

(3) ചെയർപേഴ്സണും അംഗങ്ങളും അവർ ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ നാല് വർഷക്കാലം അല്ലെങ്കിൽ അറുപത്തിയഞ്ച് വയസ്സ് പൂർത്തിയാകുന്നതുവരെ, ഇതിൽ ഏതാണോ ആദ്യം സംഭവിക്കുന്നത് അതുവരെ, ഉദ്യോഗം വഹിക്കേണ്ടതും അവർക്ക് പുനർനിയമനത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ലാത്തതുമാണ്.

(4) ജില്ലാ അതോറിറ്റിയുടെ ചെയർപേഴ്സണ് നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ശമ്പളവും അലവൻസുകളും ലഭിക്കുന്നതിനും അംഗങ്ങൾക്ക് അങ്ങനെയുള്ള അലവൻസുകൾ ലഭിക്കുന്നതിനും അർഹതയുണ്ടായിരിക്കുന്നതാണ്.

(5) ജില്ലാ അതോറിറ്റിയിലേക്കുള്ള ചെയർപേഴ്സന്റെയും അംഗങ്ങളുടെയും നിയമനരീതിയും മറ്റ് സേവനവ്യവസ്ഥകളും യോഗങ്ങൾ നടത്തുന്നതിനുള്ള സമയം, സ്ഥലം, ക്വാറം, നടപടിക്രമങ്ങൾ എന്നിവയും നിർണ്ണയിക്കപ്പെടുന്ന പ്രകാരം ആയിരിക്കേണ്ടതാണ്.

4. ജില്ലാ ഭക്ഷണ വില ക്രമീകരണ അതോറിറ്റിയുടെ അധികാരങ്ങളും കർത്തവ്യങ്ങളും.—(1) ജില്ലാ അതോറിറ്റി താഴെപ്പറയുന്ന അധികാരങ്ങൾ വിനിയോഗിക്കേണ്ടതും ചുമതലകൾ നിർവ്വഹിക്കേണ്ടതുമാണ്, അതായത്:—

(എ) ജില്ലയിലെ ഹോട്ടലുകളെ, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മാനദണ്ഡങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായി, ഗ്രേഡ് തിരിക്കുക;

(ബി) ഈ ആക്റ്റിലെയും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയും വ്യവസ്ഥകൾ പ്രകാരം ജില്ലയിലെ വിവിധ ഹോട്ടലുകളിലെ ഭക്ഷണസാധനങ്ങൾ, പാനീയങ്ങൾ എന്നിവയുടെ വില നിശ്ചയിക്കുകയും ക്രമീകരിക്കുകയും ചെയ്യുക;

(സി) വില ക്രമീകരണത്തിനാവശ്യമായ കാര്യങ്ങൾ നിശ്ചയിക്കുന്നതിന് ജില്ലയിലെ ഹോട്ടൽ ഉടമകളുടെ യോഗങ്ങൾ വിളിക്കുക;

(ഡി) ഈ ആക്റ്റിലെയും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയും വ്യവസ്ഥകൾ പാലിക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുന്നതിനായി ഹോട്ടലുകളിൽ പരിശോധന നടത്തുക;

(ഇ) ഈ ആക്റ്റിലെയും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയും വ്യവസ്ഥകളുടെ ലംഘനത്തിൻമേൽ, നിർണ്ണയിക്കപ്പെടാവുന്ന നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് അന്വേഷണ വിചാരണ നടത്തി ഈ ആക്റ്റ് പ്രകാരമുള്ള ശിക്ഷാനടപടികൾ കൈക്കൊള്ളുക;

(എഫ്) ഹോട്ടലുകൾക്ക് ഈ ആക്റ്റ് പ്രകാരം രജിസ്ട്രേഷൻ നൽകുക;

(ജി) ഈ ആക്റ്റിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ നിറവേറ്റുന്നതിലേക്കായി നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മറ്റ് ചുമതലകൾ നിർവ്വഹിക്കുക;

(2) വില ക്രമീകരണത്തിനുതകുംവിധം ഈടാക്കാവുന്ന പരമാവധി വില നിശ്ചയിക്കുന്നതിനും ഇതിലേക്കുള്ള മാനദണ്ഡങ്ങളും വ്യവസ്ഥകളും നിശ്ചയിക്കുന്നതിനും ജില്ലാ അതോറിറ്റി താഴെപ്പറയുന്ന കാര്യങ്ങൾ പരിഗണനയ്ക്ക് എടുക്കേണ്ടതാണ്, അതായത്:—

(എ) ഉപഭോക്തൃ വില സൂചിക;

(ബി) മൊത്ത വില സൂചിക;

(സി) ഹോട്ടൽ നടത്തിപ്പിനാവശ്യമായ വിവിധ സാധനങ്ങൾക്ക് വിപണിയിൽ അതതുസമയം നിലവിലുള്ള യഥാർത്ഥ വിലയും ഹോട്ടൽ സ്ഥിതിചെയ്യുന്ന സ്ഥലത്തിന്റെ ഭൂമിശാസ്ത്രപരമായ കിടപ്പും;

(ഡി) തൊഴിലാളികൾക്കുള്ള വേതനം ഉൾപ്പെടെ ഉണ്ടാകാവുന്ന ചെലവുകൾ;

(ഇ) നിലവിലുള്ള ബന്ധപ്പെട്ട നിയമങ്ങളിലെ വ്യവസ്ഥകൾ പാലിക്കുന്നതുമായി ബന്ധപ്പെട്ട ചെലവുകൾ;

(എഫ്) നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മറ്റ് കാര്യങ്ങൾ.

(3) ജില്ലാ അതോറിറ്റിയുടെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ജീവനക്കാരെ സർക്കാർ നൽകേണ്ടതാണ്.

(4) ജില്ലാ അതോറിറ്റിയിലെ ജീവനക്കാരുടെ നിയമനരീതി, സേവന വേതന വ്യവസ്ഥകൾ എന്നിവ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കേണ്ടതാണ്.

5. <u>അംഗമായി നിയമിക്കപ്പെടുന്നതിനുള്ള അയോഗ്യത</u>.—ജില്ലാ അതോറിറ്റികളിൽ അംഗമായി നാമനിർദ്ദേശം ചെയ്യപ്പെടുന്ന ഏതൊരാളും, അയാൾ,—

(എ) സർക്കാരിന്റെ അഭിപ്രായത്തിൽ, സാന്മാർഗ്ഗികാധഃപതനം ഉൾപ്പെടുന്ന ഒരു കുറ്റത്തിന് കുറ്റസ്ഥാപനം ചെയ്യപ്പെടുകയും തടവുശിക്ഷയ്ക്ക് വിധിക്കപ്പെടുകയും ചെയ്തിട്ടുണ്ടെങ്കിൽ; അഥവാ

(ബി) ഒരു അവിമുക്ത നിർദ്ധനനാണെങ്കിൽ; അഥവാ

(സി) ചിത്തഭ്രമമുള്ളതും ക്ഷമതയുള്ള ഒരു കോടതിയാൽ അപ്രകാരം പ്രഖ്യാപിക്കപ്പെട്ടതായി നിലകൊള്ളുകയും ചെയ്യുകയാണെങ്കിൽ; അഥവാ

(ഡി) സർക്കാരിന്റെയോ സർക്കാരിന്റെ ഉടമസ്ഥതയിലോ നിയന്ത്രണത്തിലോ ഉള്ള ഒരു സ്ഥാപനത്തിന്റെയോ സേവനത്തിൽ നിന്നും നീക്കം ചെയ്യപ്പെട്ടതോ പിരിച്ചു വിടപ്പെട്ടതോ ആണെങ്കിൽ; അഥവാ

(ഇ) സർക്കാരിന്റെ അഭിപ്രായത്തിൽ, ഒരു അംഗമെന്ന നിലയിൽ അയാളുടെ ചുമതലകൾ നിർവ്വഹിക്കുന്നതിനെ ദോഷകരമായി ബാധിക്കുവാനിടയുള്ള അങ്ങനെയുള്ള സാമ്പത്തികമോ മറ്റു താല്പര്യങ്ങളോ ഉള്ള ആളാണെങ്കിൽ; അഥവാ

(എഫ്) ഈ ആക്റ്റിലെയും അതിനുകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയും വ്യവസ്ഥകൾ പ്രകാരം കടമ നിർവ്വഹിക്കുവാൻ വീഴ്ച വരുത്തിയിട്ടുണ്ടെന്ന് സർക്കാരിന് ബോധ്യമാകുന്നുവെങ്കിൽ,

സർക്കാരിന് അയാളെ അയോഗ്യനാക്കാവുന്നതാണ്.

6. <u>ഹോട്ടലുകളുടെ രജിസ്ട്രേഷൻ.</u>—(1) ഗസറ്റ് വിജ്ഞാപനം വഴി, സർക്കാർ നിശ്ചയിക്കുന്ന തീയതിയിൽ സംസ്ഥാനത്ത് നിലവിലുള്ള എല്ലാ ഹോട്ടലുകളും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള കാലാവധിക്കുള്ളിലും, പ്രസ്തുത തീയതിക്ക് ശേഷം സംസ്ഥാനത്ത് പുതുതായി ആരംഭിക്കുന്ന എല്ലാ ഹോട്ടലുകളും അവ ആരംഭിക്കുന്നതിന് മുൻപും, അതത് ജില്ലകളിലെ ജില്ലാ അതോറിറ്റിയിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം ഹോട്ടലുകൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ നിർണ്ണയിക്കപ്പെടുന്ന അങ്ങനെയുള്ള ഫാറത്തിലും രീതിയിലും അങ്ങനെയുള്ള ഫീസും സഹിതം അതതു ജില്ലകളിലെ ജില്ലാ അതോറിറ്റിക്ക് സമർപ്പിക്കേണ്ടതാണ്.

(3) ഈ ആക്റ്റിലെയും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയും വ്യവസ്ഥകൾക്ക് വിധേയമായി യഥാവിധി രജിസ്റ്റർ ചെയ്യാതെ യാതൊരാളും ഒരു ഹോട്ടൽ നടത്തുവാൻ പാടുള്ളതല്ല.

(4) (1)-ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള തീയതിയിൽ നിലവിലുള്ള ഹോട്ടലുകളുടെ രജിസ്ട്രേഷന് ഈ ആക്റ്റ് നിലവിൽവന്ന സാമ്പത്തിക വർഷത്തെ ഏപ്രിൽ ഒന്നാം തീയതി ആ ഹോട്ടലിൽ നിലവിലുണ്ടായിരുന്ന വിലവിവരപ്പട്ടികയും പിന്നീട് നിലവിൽ വരുന്ന ഹോട്ടലുകളുടെ രജിസ്ട്രേഷന് അങ്ങനെയുള്ള ഹോട്ടലിൽ നിലവിൽ വരുത്തുവാൻ ഉദ്ദേശിക്കുന്ന വിലവിവരപ്പട്ടികയും നിർണ്ണയിക്കപ്പെടാവുന്ന വിധം സാക്ഷ്യപ്പെടുത്തി സമർപ്പിക്കേണ്ടതാണ്.

(5) (4)-ാം ഉപവകുപ്പ് പ്രകാരം ഒരു ഹോട്ടൽ രജിസ്റ്റർ ചെയ്യുമ്പോൾ സമർപ്പിക്കുന്ന വിലവിവരപ്പട്ടികയിലെ വില കൂടുതലാണെന്ന് ജില്ലാ അതോറിറ്റിക്ക് ബോധ്യമാകുന്നപക്ഷം ഹോട്ടലുടമയ്ക്ക് നോട്ടീസ് നൽകി അയാളെ നേരിൽ കേട്ടതിനുശേഷം വില ക്രമീകരിക്കുന്നതിനും നിശ്ചയിക്കുന്നതിനും ജില്ലാ അതോറിറ്റിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

(6) (1)-ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള തീയതിയിൽ നിലവിലുള്ള ഹോട്ടലുകളുടെയോ അതിനുശേഷം തുടങ്ങാൻ ഉദ്ദേശിക്കുന്ന ഹോട്ടലുകളുടെയോ രജിസ്ട്രേഷനുവേണ്ടിയുള്ള അപേക്ഷയോടൊപ്പം സമർപ്പിക്കുന്ന വിലവിവരപ്പട്ടികയിൽ മാറ്റം ആവശ്യമാണെന്ന് ജില്ലാ അതോറിറ്റി കരുതുന്നപക്ഷം, ജില്ലാ അതോറിറ്റിക്ക് അപേക്ഷകന് ഇത് സംബന്ധിച്ച നോട്ടീസ് നൽകി അപേക്ഷകനെ നേരിൽ കേട്ടതിനു ശേഷം ആവശ്യമായ മാറ്റങ്ങൾ വരുത്താവുന്നതും രണ്ടുമാസങ്ങൾക്കുള്ളിൽ അംഗീകാരം നൽകേണ്ടതുമാണ്:

എന്നാൽ, ഇപ്രകാരം വിലവിവരപ്പട്ടികയ്ക്ക് അംഗീകാരം ലഭിക്കുന്നതുവരെ നിലവിലുള്ള ഹോട്ടലുകളുടെ രജിസ്ട്രേഷനുവേണ്ടിയുള്ള അപേക്ഷയോടൊപ്പം സമർപ്പിച്ച വിലവിവരപ്പട്ടികയുടെ അടിസ്ഥാനത്തിൽ ഹോട്ടൽ നടത്തിക്കൊണ്ട് പോകാവുന്നതാണ്.

(7) ഈ ആക്റ്റിലെയും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയും വ്യവസ്ഥകൾ പ്രകാരം ജില്ലാ അതോറിറ്റി അംഗീകരിച്ച വിലവിവരപ്പട്ടികയിൽ ഉള്ള വിലയേക്കാൾ കൂടുതൽ വിലയ്ക്ക് യാതൊരു ഹോട്ടലിലും ഭക്ഷണ പദാർത്ഥങ്ങളും പാനീയങ്ങളും വില്പന നടത്തുവാൻ പാടുള്ളതല്ല.

(8) ജില്ലാ വില നിയന്ത്രണ അതോറിറ്റി, അപേക്ഷ ലഭിച്ച തീയതി മുതൽ മുപ്പത് ദിവസങ്ങൾക്കകം ഹോട്ടൽ പരിശോധന നടത്തി നിർണ്ണയിക്കപ്പെടാവുന്ന ഫാറത്തിൽ ഒരു രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് അപേക്ഷകന് നൽകേണ്ടതാണ്. മുപ്പത് ദിവസത്തിനകം രജിസ്ട്രേഷൻ നൽകാത്തപക്ഷം താൽക്കാലിക രജിസ്ട്രേഷൻ നൽകിയതായി കരുതപ്പെടുന്നതും പിന്നീട് വരുന്ന മുപ്പതു ദിവസത്തിനകം ജില്ലാ വില നിയന്ത്രണ അതോറിറ്റിക്ക് ഹോട്ടലിൽ പരിശോധന നടത്തി നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ള മാനദണ്ഡങ്ങൾ ആ ഹോട്ടൽ പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തിയതിനുശേഷം, അപേക്ഷകൻ നൽകിയ വിലവിവരപ്പട്ടിക അംഗീകരിച്ചുകൊണ്ടോ ആവശ്യമെന്ന് അത് കരുതുന്നപക്ഷം പുതുക്കിയ വില നിശ്ചയിച്ചുകൊണ്ടോ രജിസ്ട്രേഷൻ സ്ഥിരീകരിക്കുകയും സർട്ടിഫിക്കറ്റ് നൽകാവുന്നതുമാണ്.

(9) രജിസ്റ്റർ ചെയ്യപ്പെട്ട ഒരു ഹോട്ടലിൽ ഭക്ഷണസാധനങ്ങളുടെയോ പാനീയങ്ങളുടെയോ വില വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്ന പക്ഷം ഇതിലേക്കായി നിർണ്ണയിക്കപ്പെടാവുന്ന ഫാറത്തിലും രീതിയിലും അങ്ങനെയുള്ള ഫീസും സഹിതം ജില്ലാ അതോറിറ്റിക്ക് അപേക്ഷ സമർപ്പിക്കേണ്ടതും ജില്ലാ അതോറിറ്റി ഇക്കാര്യത്തിൽ ഒരു മാസത്തിനകം തീർപ്പുകൽപ്പിക്കേണ്ടതുമാണ്:

എന്നാൽ, ഈ വകുപ്പ് പ്രകാരം രജിസ്ട്രേഷനുവേണ്ടിയോ വിലവർദ്ധനവിനു വേണ്ടിയോ ഉള്ള അപേക്ഷയിൻമേൽ അപേക്ഷകന് നേരിൽ കേൾക്കുന്നതിനുള്ള അവസരം നൽകിയതിനുശേഷം, എഴുതി രേഖപ്പെടുത്തിയ കാരണങ്ങളാൽ അങ്ങനെയുള്ള അപേക്ഷ നിരസിക്കുന്നതിനും പൂർണ്ണമായോ ഭാഗികമായോ അനുവദിക്കുന്നതിനും ജില്ലാ അതോറിറ്റിക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

(10) ജില്ലാ അതോറിറ്റിക്ക് എല്ലാ സ്ഥാപനങ്ങൾക്കും ബാധകമാകത്തക്കവിധം എഴുതി രേഖപ്പെടുത്തിയ കാരണങ്ങളാൽ വിലവർദ്ധനവ് അനുവദിക്കുന്നതിന് അധികാരമുണ്ടായിരിക്കുന്നതാണ്.

(11) ഹോട്ടലുകൾക്കുള്ള രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിൽ ജില്ലാ അതോറിറ്റി നൽകേണ്ടതാണ്.

(12) രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നഷ്ടപ്പെടുകയോ നശിച്ചുപോകുകയോ മോഷ്ടിക്കപ്പെടുകയോ വികൃതമാക്കപ്പെടുകയോ അതിന് കേടുസംഭവിക്കുകയോ ചെയ്യുന്ന സംഗതിയിൽ, ജില്ലാ അതോറിറ്റിക്ക്, ഹോട്ടലുടമയുടെ അപേക്ഷയിൻമേലും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫീസ് നൽകുന്നതിൻമേലും ഒരു ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ് നൽകാവുന്നതാണ്.

(13) ഹോട്ടലുകളുടെ രജിസ്ട്രേഷൻ നൽകിയതു സംബന്ധിച്ച വിവരങ്ങൾ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചുപോരേണ്ടതാണ്.

7. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും അംഗീകരിച്ച വിലവിവരപ്പട്ടികയും പ്രദർശിപ്പിക്കൽ.—ഈ ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട ഓരോ ഹോട്ടലും അതിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ബന്ധപ്പെട്ട ജില്ലാ അതോറിറ്റി അംഗീകരിച്ച വിലവിവരപ്പട്ടിക എന്നിവ ഉപഭോക്താക്കൾക്ക് വ്യക്തമായി കാണത്തക്കവിധം പ്രദർശിപ്പിക്കേണ്ടതാണ്.

8. അന്വേഷണ വിചാരണ നടത്തൽ.—(1) ഈ ആക്റ്റിലെയും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയും വ്യവസ്ഥകൾ പ്രകാരം പരാതികളിലും അപ്പീലുകളിലും തീർപ്പ് കൽപ്പിക്കുന്നതിനും വ്യവസ്ഥകൾ ലംഘിക്കുന്ന വ്യക്തിയെ ന്യായനിർണ്ണയം ചെയ്യുന്നതിനും ഉള്ള ആവശ്യങ്ങളിലേക്കായി ജില്ലാ അതോറിറ്റികൾക്ക് ബന്ധപ്പെട്ട ഏതൊരു വ്യക്തിയെയും അന്വേഷണ വിചാരണ നടത്താവുന്നതും, പ്രസ്തുത ആവശ്യങ്ങളിലേക്കായി ഏതൊരാളെയും തെളിവ് നൽകുന്നതിനായോ ഏതെങ്കിലും രേഖ ഹാജരാക്കുന്നതിനായോ അതിനു മുൻപാകെ വിളിച്ചുവരുത്താവുന്നതുമാണ്.

(2) ജില്ലാ അതോറിറ്റികൾക്ക് ഈ ആക്റ്റ് പ്രകാരമോ അതിൻകീഴിലോ ഉള്ള അധികാരങ്ങൾ വിനിയോഗിക്കുന്ന ആവശ്യത്തിലേക്കായി 1908-ലെ സിവിൽ നടപടി നിയമ സംഹിത (1908-ലെ 5-ാം കേന്ദ്ര ആക്റ്റ്) പ്രകാരം ഒരു വ്യവഹാരം വിചാരണ ചെയ്യുമ്പോൾ ഒരു സിവിൽ കോടതിക്കുള്ള എല്ലാ അധികാരങ്ങളും താഴെപ്പറയുന്ന കാര്യങ്ങളെ സംബന്ധിച്ച് ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) ഏതെങ്കിലും സാക്ഷിയെ വിളിച്ചുവരുത്തുന്നതിനും ഹാജരാക്കൽ ഉറപ്പുവരുത്തുന്നതിനും സത്യപ്രസ്താവനയിൻമേൽ വിസ്തരിക്കുന്നതിന്;

(ബി) ഏതെങ്കിലും രേഖ കണ്ടെത്തുവാനും ഹാജരാക്കുവാനും ആവശ്യപ്പെടുന്നതിന്;

(സി) സത്യവാങ്മൂലത്തിൻമേൽ തെളിവ് സ്വീകരിക്കുന്നതിന്;

(ഡി) സാക്ഷികളെ വിസ്തരിക്കുന്നതിനും അല്ലെങ്കിൽ സ്ഥലപരിശോധന നടത്തുന്നതിനും വേണ്ടി കമ്മീഷനുകളെ അയയ്ക്കുന്നതിന്;

(ഇ) തീരുമാനമെടുക്കുന്നത് സംബന്ധിച്ച് ഏതെങ്കിലും വസ്തുവോ സാധനമോ പരിശോധിക്കുന്നതിന്;

(എഫ്) ഏതെങ്കിലും കോടതിയിൽ നിന്നോ അധികാരസ്ഥാനത്ത് നിന്നോ ആഫീസിൽനിന്നോ ഏതെങ്കിലും പൊതുരേഖയോ അതിന്റെ പകർപ്പോ ആവശ്യപ്പെടുന്നതിന്;

(ജി) നിർണ്ണയിക്കപ്പെടാവുന്ന രീതിയിലുള്ള മറ്റേതെങ്കിലും കാര്യത്തിന്.

9. <u>രജിസ്ട്രേഷൻ റദ്ദാക്കൽ.</u>—(1) ഈ ആക്റ്റിൻ കീഴിൽ രജിസ്റ്റർ ചെയ്ത ഒരു ഹോട്ടൽ ഈ ആക്റ്റിലെയും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയും വ്യവസ്ഥകളോ രജിസ്ട്രേഷൻ ഉപാധികളോ പാലിക്കുന്നില്ലെന്ന് ജില്ലാ അതോറിറ്റിക്ക് ബോധ്യപ്പെടുന്നപക്ഷം, ആ ഹോട്ടലിന്റെ രജിസ്ട്രേഷൻ റദ്ദാക്കാതിരിക്കുന്നതിനുള്ള കാരണം കാണിക്കുന്നതിനായി ഒരു നോട്ടീസ് അങ്ങനെയുള്ള ഹോട്ടലുടമയ്ക്ക് നൽകേണ്ടതും കാരണം കാണിക്കുന്നതിന് ന്യായമായ അവസരം നൽകിയതിനുശേഷം, ഈ ആക്റ്റിലെയോ അതിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളിലെയോ വ്യവസ്ഥകളുടെയോ രജിസ്ട്രേഷൻ ഉപാധികളുടെയോ ലംഘനം ഉണ്ടെന്ന് ജില്ലാ അതോറിറ്റിക്ക് ബോദ്ധ്യപ്പെടുന്നപക്ഷം, അങ്ങനെയുള്ള ഹോട്ടലിന് ഈ ആക്റ്റ് പ്രകാരമുള്ള രജിസ്ട്രേഷൻ റദ്ദ് ചെയ്തുകൊണ്ട് ജില്ലാ അതോറിറ്റി ഉത്തരവ് പുറപ്പെടുവിക്കേണ്ടതുമാണ്.

(2) ഈ ആക്റ്റ് പ്രകാരം ഒരു ഹോട്ടലിന്റെ രജിസ്ട്രേഷൻ റദ്ദാക്കുന്നപക്ഷം ആയത് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തെ കൂടി അറിയിക്കേണ്ടതും മറ്റു നിയമങ്ങളിൽ എന്തുതന്നെയടങ്ങിയിരുന്നാലും, ആ തദ്ദേശസ്വയംഭരണ സ്ഥാപനം, അങ്ങനെയുള്ള ഹോട്ടൽ ഈ ആക്റ്റിലെ വ്യവസ്ഥ ലംഘിച്ചു എന്ന കാരണത്താൽ അങ്ങനെയുള്ള ഹോട്ടലിന്റെ ലൈസൻസ് റദ്ദാക്കേണ്ടതുമാണ്.

10. <u>അപ്പീൽ.</u>—(1) ജില്ലാ അതോറിറ്റിയുടെ ഏതൊരു ഉത്തരവ് അല്ലെങ്കിൽ തീരുമാനംമൂലം സങ്കടം അനുഭവിക്കുന്ന ഏതൊരാൾക്കും പ്രസ്തുത ഉത്തരവ് കൈപ്പറ്റിയ തീയതി മുതൽ തൊണ്ണൂറ് ദിവസത്തിനകം നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ സംസ്ഥാന ഫുഡ് കമ്മീഷണർ മുമ്പാകെ അപ്പീൽ സമർപ്പിക്കാവുന്നതാണ്:

എന്നാൽ, അപ്പീൽ അധികാരസ്ഥാനത്തിന് അതിനു മുമ്പാകെ സമർപ്പിച്ച അപ്പീൽ പ്രസ്തുത സമയപരിധിക്കുള്ളിൽ സമർപ്പിക്കാതിരുന്നതിന് അപ്പീൽവാദിക്ക് മതിയായ കാരണമുണ്ടെന്ന് ബോധ്യപ്പെടുന്നപക്ഷം പ്രസ്തുത സമയപരിധിക്ക് ശേഷവും ഒരു അപ്പീൽ സ്വീകരിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഓരോ അപ്പീലും നിർണ്ണയിക്കപ്പെടുന്ന അങ്ങനെയുള്ള ഫീസ് സഹിതം സമർപ്പിക്കേണ്ടതാണ്.

(3) അപ്പീലിലെ ആവശ്യം അംഗീകരിക്കാൻ കഴിയാത്തതാണെങ്കിലോ അപ്പീലിൽ അന്യായക്കാരന് ദോഷകരമാകാവുന്ന തീരുമാനം എടുക്കേണ്ടി വരുന്നതാണെന്നോ അപ്പീൽ അധികാരി കരുതുന്നപക്ഷം അപ്പീൽവാദിക്ക് പറയുവാനുള്ളത് പറയുവാൻ ഒരു അവസരം നൽകേണ്ടതാണ്.

11. <u>റിവിഷൻ.</u>—(1) ഈ ആക്റ്റ് പ്രകാരം ഒരു അപ്പീലിൻമേലുള്ള സംസ്ഥാന ഫുഡ് കമ്മീഷണറുടെ ഉത്തരവിൻമേൽ സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ, പ്രസ്തുത ഉത്തരവ് കൈപ്പറ്റിയ തീയതി മുതൽ അറുപത് ദിവസത്തിനകം, സർക്കാരിലേക്ക് റിവിഷൻ അപേക്ഷ നൽകാവുന്നതാണ്:

എന്നാൽ, സർക്കാരിനു മുമ്പാകെ സമർപ്പിച്ച റിവിഷൻ പ്രസ്തുത സമയപരിധിക്കുള്ളിൽ സമർപ്പിക്കാതിരുന്നതിന് റിവിഷൻ അപേക്ഷകന് മതിയായ കാരണമുണ്ടെന്ന് സർക്കാരിന് ബോധ്യപ്പെടുന്നപക്ഷം പ്രസ്തുത സമയപരിധിക്ക് ശേഷവും ഒരു റിവിഷൻ സ്വീകരിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള റിവിഷൻ അപേക്ഷ സർക്കാർ പരിശോധിച്ചതിനുശേഷം അപ്പീൽ അധികാരസ്ഥാനത്തിന്റെ ഉത്തരവ് നിയമവിരുദ്ധമാണെന്നോ അനുചിതമാണെന്നോ സർക്കാരിന് ബോദ്ധ്യപ്പെടുന്ന പക്ഷം, ബന്ധപ്പെട്ടവർക്ക് പറയുവാനുള്ളത് പറയുവാൻ ഒരവസരം നൽകിയതിനുശേഷം, സർക്കാരിന് യുക്തമെന്ന് തോന്നുന്ന അങ്ങനെയുള്ള ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്.

(3) ഈ ആക്റ്റ് പ്രകാരം ജില്ലാ അതോറിറ്റികൾ പുറപ്പെടുവിക്കുന്ന ഏതൊരു ഉത്തരവും തീരുമാനവും സർക്കാരിന്, പൊതുതാൽപ്പര്യാർത്ഥം, സ്വമേധയാ പുനഃപരിശോധിക്കാവുന്നതും അതിന് യുക്തമെന്ന് തോന്നുന്ന അങ്ങനെയുള്ള ഉത്തരവ് പുറപ്പെടുവിക്കാവുന്നതുമാണ്.

12. ശിക്ഷകൾ.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം രജിസ്റ്റർ ചെയ്യാതെ ഒരു ഹോട്ടൽ നടത്തുന്ന ഏതൊരാളും, കുറ്റസ്ഥാപനത്തിൻമേൽ, അയ്യായിരം രൂപ വരെയാകാവുന്ന പിഴയ്ക്ക് ശിക്ഷിക്കപ്പെടുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം ശിക്ഷിക്കപ്പെട്ട ഒരാൾ അങ്ങനെയുള്ള കുറ്റം തുടരുന്നപക്ഷം അങ്ങനെ കുറ്റം തുടരുന്ന ഓരോ ദിവസത്തിനും ഇരുനൂറ്റി അൻപത് രൂപ വരെയാകുന്ന അധിക പിഴയ്ക്ക് ശിക്ഷിക്കപ്പെടുന്നതാണ്.

(3) ഈ ആക്റ്റിലെയും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയും വ്യവസ്ഥകൾക്ക് വിരുദ്ധമായി ഭക്ഷണ പദാർത്ഥങ്ങൾക്കും പാനീയങ്ങൾക്കും അതോറിറ്റി നിശ്ചയിച്ച പരമാവധി വിലയേക്കാൾ അമിതവില ഈടാക്കുന്ന ഏതൊരു ഹോട്ടൽ ഉടമയും, കുറ്റസ്ഥാപനത്തിൻമേൽ, അയ്യായിരം രൂപ വരെയാകാവുന്ന പിഴയ്ക്ക് ശിക്ഷിക്കപ്പെടുന്നതാണ്.

(4) (3)-ാം ഉപവകുപ്പ് പ്രകാരം ശിക്ഷിക്കപ്പെട്ട ഒരാൾ അങ്ങനെയുള്ള കുറ്റം തുടരുന്നപക്ഷം അങ്ങനെ കുറ്റം തുടരുന്ന ഓരോ ദിവസത്തിനും അഞ്ഞൂറ് രൂപ വരെയാകാവുന്ന കൂടുതൽ പിഴയ്ക്ക് ശിക്ഷിക്കപ്പെടുന്നതാണ്.

13. വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള അധികാരം.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിൽ വരുത്തുന്നതിൽ എന്തെങ്കിലും വൈഷമ്യം ഉണ്ടാകുന്നപക്ഷം, സർക്കാരിന്, അപ്രകാരമുള്ള വൈഷ്യമ്യം നീക്കം ചെയ്യുന്നതിന് ആവശ്യമെന്ന് അവർക്ക് തോന്നുന്നതും ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതുമായ അങ്ങനെയുള്ള വ്യവസ്ഥകൾ, ഗസറ്റിൽ പ്രസിദ്ധീകരിച്ച ഉത്തരവു വഴി, ഉണ്ടാക്കാവുന്നതാണ്:

എന്നാൽ, അങ്ങനെയുള്ള യാതൊരു ഉത്തരവും ഈ ആക്റ്റിന്റെ പ്രാരംഭതീയതി മുതൽ രണ്ട് വർഷക്കാലത്തിനുശേഷം പുറപ്പെടുവിക്കുവാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പ് പ്രകാരം പുറപ്പെടുവിച്ച ഏതൊരു ഉത്തരവും, അത് പുറപ്പെടുവിച്ചതിനു ശേഷം കഴിയുന്നത്ര വേഗം, നിയമസഭ മുമ്പാകെ വയ്പ്പിക്കേണ്ടതാണ്.

14. ഇളവുകൾ നൽകുന്നതിനും നിർദ്ദേശങ്ങൾ നൽകുന്നതിനും സർക്കാരിനുള്ള അധികാരം.—ഈ ആക്റ്റിലെയും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയും വ്യവസ്ഥകൾക്ക് വിധേയമായി, പൊതുതാൽപ്പര്യാർത്ഥം അങ്ങനെയുള്ള വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിന് സർക്കാരിന് അധികാരം ഉണ്ടായിരിക്കുന്നതും അവ ജില്ലാ അതോറിറ്റികളും ഹോട്ടലുകളും പാലിക്കേണ്ടതുമാണ്.

15. സിവിൽ കോടതികളുടെ അധികാരിതയ്ക്ക് വിലക്ക്.—ഈ ആക്റ്റ് പ്രകാരമോ അതിൻ കീഴിലോ ജില്ലാ അതോറിറ്റികളോ അവ ചുമതലപ്പെടുത്തിയ ഏതെങ്കിലും ഉദ്യോഗസ്ഥനോ തീർപ്പാക്കേണ്ടതോ തീരുമാനിക്കേണ്ടതോ കൈകാര്യം ചെയ്യേണ്ടതോ പരിഹരിക്കേണ്ടതോ ആയ ഏതെങ്കിലും കാര്യം തീരുമാനിക്കുന്നതിനോ കൈകാര്യം ചെയ്യുന്നതിനോ ഏതെങ്കിലും ഉത്തരവിൽ ഇടപെടുന്നതിനോ ഉള്ള അധികാരം യാതൊരു സിവിൽ കോടതിക്കും ഉണ്ടായിരിക്കുന്നതല്ല.

16. കുറ്റങ്ങൾ നടപടിക്കെടുക്കലും വിചാരണയും.—കുറ്റം സ്ഥാപിക്കുന്നതിനുള്ള വസ്തുതകൾ അടങ്ങിയതും ജില്ലാ വില ക്രമീകരണ അതോറിറ്റികളോ ഇതിലേക്കായി അധികാരപ്പെടുത്തിയ ഒരു ഉദ്യോഗസ്ഥൻ സമർപ്പിക്കുന്നതുമായ രേഖാമൂലമുള്ള ഒരു റിപ്പോർട്ടിൻമേൽ അല്ലാതെ യാതൊരു കോടതിയും ഈ ആക്റ്റ് പ്രകാരമോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾ പ്രകാരമോ ശിക്ഷ നൽകാവുന്ന യാതൊരു കുറ്റവും വിചാരണക്കെടുക്കുവാൻ പാടുള്ളതല്ല.

17. അതോറിറ്റിയിലെ അംഗങ്ങളും ഉദ്യോഗസ്ഥരും പബ്ലിക് സർവെന്റുമാർ ആയിരിക്കുമെന്ന്.—അതോറിറ്റിയുടെ എല്ലാ അംഗങ്ങളും ഉദ്യോഗസ്ഥരും ജീവനക്കാരും 1860-ലെ ഇന്ത്യൻ ശിക്ഷാ നിയമസംഹിതയിലെ (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) 21-ാം വകുപ്പിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽ വരുന്ന ഒരു പബ്ലിക് സർവെന്റായി കരുതപ്പെടേണ്ടതാണ്.

18. അതോറിറ്റികളുടെ നടപടിക്രമങ്ങൾ അസാധുവാകുന്നതല്ലെന്ന്.—ജില്ലാ അതോറിറ്റികളുടെ യാതൊരു പ്രവർത്തിയും നടപടിക്രമങ്ങളും അതിലെ അംഗങ്ങളുടെ എന്തെങ്കിലും ഒഴിവുണ്ടെന്നോ അതിന്റെ ഘടനയിൽ ഏതെങ്കിലും ന്യൂനതയുണ്ടെന്നോ ഉള്ള കാരണത്താൽ മാത്രം അസാധുവാകുന്നതല്ല.

19. ഉത്തമവിശ്വാസപൂർവ്വം ചെയ്ത പ്രവർത്തികൾക്ക് സംരക്ഷണം.—ഈ ആക്റ്റ് പ്രകാരമോ അതിൻകീഴിലുണ്ടാക്കിയ ചട്ടങ്ങൾ പ്രകാരമോ ഉത്തമവിശ്വാസപൂർവ്വം ചെയ്തതോ ചെയ്യാൻ ഉദ്ദേശിച്ചതോ ആയ ഏതെങ്കിലും കാര്യം സംബന്ധിച്ച് സർക്കാരിനോ സർക്കാരിന്റെ ഏതെങ്കിലും ഉദ്യോഗസ്ഥനോ അതോറിറ്റിക്കോ അതോറിറ്റിയുടെ ഏതെങ്കിലും അംഗത്തിനോ മറ്റു ജീവനകാർക്കോ എതിരായി യാതൊരു വ്യവഹാരമോ മറ്റു നിയമനടപടിയോ നിലനിൽക്കുന്നതല്ല.

20. ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.—(1) സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കിയ ഏതൊരു ചട്ടവും അതുണ്ടാക്കിയ തിനുശേഷം കഴിയുന്നത്ര വേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ, സഭ മുൻപാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിന് മുൻപ് നിയമസഭ പ്രസ്തുത ചട്ടത്തിൽ ഏതെങ്കിലും രൂപഭേദം വരുത്തുകയോ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടത്തിന്, അതിനുശേഷം, അതതു സംഗതി പോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു; എന്നിരുന്നാലും, അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുൻപ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരി ക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1986-ലെ കേരള അവശ്യസാധന നിയന്ത്രണ ആക്റ്റ് (1986-ലെ 13) പ്രകാരം അതിൽ നിർവ്വചിച്ചപ്രകാരമുള്ള അവശ്യസാധനങ്ങൾ വാങ്ങുന്നതിനും വിൽക്കുന്നതിനുമുള്ള വില നിയന്ത്രിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും ഹോട്ടലുകളിലെ ഭക്ഷണ പദാർത്ഥങ്ങളുടെ വില നിയന്ത്രിക്കുന്നതിന് അതിലെ വ്യവസ്ഥകൾ പര്യാപ്തമല്ല. കേരളത്തിൽ ബാധകമായ 1977-ലെ കേരള ഫുഡ് സ്റ്റഫ്സ് (ഡിസ്പ്ലേ ഓഫ് പ്രൈസസ് ബൈ കാറ്ററിംഗ് എസ്റ്റാബ്ലിഷ്മെന്റ്സ്) ഓർഡറിൽ ഹോട്ടലുകൾ ഉൾപ്പെടെയുള്ള കാറ്ററിംഗ് സ്ഥാപനങ്ങളിലെ ഭക്ഷണ പദാർത്ഥങ്ങളുടെ വില പ്രദർശിപ്പിക്കുന്നതും അധികാരികൾക്ക് വിവരങ്ങൾ നൽകുന്നതും മറ്റ് ബന്ധപ്പെട്ട വ്യവസ്ഥകളും മാത്രമേ പ്രതിപാദിക്കുന്നുള്ളൂ. അത്തരം സ്ഥാപനങ്ങളിലെ ഭക്ഷണ പദാർത്ഥങ്ങളുടെ വില നിയന്ത്രിക്കുവാനോ വില പരിധി നിശ്ചയിക്കുവാനോ പ്രസ്തുത ഉത്തരവിൽ വ്യവസ്ഥയില്ല. ആയതിനാൽ, 2015 മേയ് 20-ാം തീയതിയിലെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ WP(C) 28902/2013 [2015(3)KLT 769] എന്ന കേസിലെ വിധിന്യായത്തിൽ സർക്കാർ ഒരു നിയമനിർമ്മാണം നടത്തി പ്രാബല്യത്തിൽ കൊണ്ടുവരാതെ ഒരു ജില്ലയിലെ ഹോട്ടലുകളിലെ ഭക്ഷണ പദാർത്ഥങ്ങ ളുടെ വില നിശ്ചയിക്കുവാൻ ജില്ലാ ഭരണ കൂടത്തിന് അധികാരം ഇല്ല എന്ന് വ്യക്തമാ ക്കിയിട്ടുണ്ട്. കേരള ഹോട്ടൽ ആന്റ് റസ്റ്റോറന്റ് അസോസിയേഷൻ അഭി തൃശ്ശൂർ ജില്ലാ ഉപഭോക്തൃ തർക്കപരിഹാര ഫോറം [2012(3) KLT 277] എന്ന കേസിൽ, സംസ്ഥാനത്തെ ഹോട്ടലുകളിലെ ഭക്ഷണ പദാർത്ഥങ്ങൾക്ക് അന്യായമായ വില സാധാരണക്കാരിൽ നിന്നും ഈടാക്കുന്നത് തടയുന്നതിനായി ഭക്ഷണ പദാർത്ഥങ്ങളുടെ വില നിയന്ത്രിക്കുന്നതിന് ഒരു സംവിധാനം രൂപീകരിക്കുന്നത് അനിവാര്യമായിരിക്കുമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി അഭിപ്രായപ്പെട്ടിട്ടുള്ളതാണ്. കേരളത്തിൽ പ്രവർത്തിക്കുന്ന

ഹോട്ടലുകൾ ഭക്ഷണ പദാർത്ഥങ്ങൾക്ക് ക്രമാതീതമായ വില ഈടാക്കുന്നത് നിയന്ത്രിക്കുന്നതിനും ഭക്ഷണത്തിനായി ഹോട്ടലുകളെ ആശ്രയിക്കുന്ന സാധാരണക്കാരായ ജനങ്ങളുടെ പ്രയാസങ്ങൾ ദൂരീകരിക്കുന്നതിനും ഇതുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് സർക്കാർ കരുതുന്നു. ഈ ആവശ്യത്തിയായി എല്ലാ ജില്ലകളിലും ജില്ലാ ഭക്ഷണവില ക്രമീകരണ അതോറിറ്റികൾ രൂപീകരിക്കേണ്ടത് ആവശ്യമാണെന്നും സർക്കാർ കരുതുന്നു. ഇത് സംബന്ധിച്ച കാര്യങ്ങൾ നടപ്പിലാക്കുന്നതിനായി ഈ വിഷയത്തിൽ ഒരു നിയമ നിർമ്മാണം ആവശ്യമാണ്.

2. മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ബില്ലിലെ 3-ാം ഖണ്ഡം ഓരോ ജില്ലയിലും ജില്ലാ ഭക്ഷണ വില ക്രമീകരണ അതോറിറ്റി രൂപീകരിക്കുവാൻ വ്യവസ്ഥ ചെയ്യുന്നു. ജില്ലാ അതോറിറ്റിയിൽ ജില്ലാ ജഡ്ജിയുടെ പദവിയിലുള്ള ഒരു ചെയർപേഴ്സണും ആറിൽ കവിയാത്ത അനൗദ്യോഗിക അംഗങ്ങളും ഉണ്ടായിരിക്കണമെന്ന് ബില്ലിൽ വ്യവസ്ഥ ചെയ്യുന്നു. ബില്ലിലെ 4-ാം ഖണ്ഡം (3)-ാം ഉപഖണ്ഡപ്രകാരം ജില്ലാ അതോറിറ്റിയുടെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ജീവനക്കാരെ സർക്കാർ നൽകേണ്ടതാണ്. ജില്ലാ അതോറിറ്റിയുടെ ചെയർപേഴ്സന്റെയും ജീവനക്കാരുടെയും ശമ്പളവും അലവൻസുകളും അംഗങ്ങൾക്കുള്ള അലവൻസുകളും മറ്റ് ചെലവുകളും ഉൾപ്പെടെ സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും ഒരു വർഷം ആകെ 6,82,43,920 രൂപ (ആറ് കോടി എൺപത്തിരണ്ട് ലക്ഷത്തി നാൽപത്തിമൂവായിരത്തി തൊള്ളായിരത്തി ഇരുപത് രൂപ) ആവർത്തക ചെലവും കൂടാതെ, അനുബന്ധകാര്യങ്ങൾക്കായി 1,37,14,820 രൂപ (ഒരു കോടി മുപ്പത്തി ഏഴ് ലക്ഷത്തി പതിനാലായിരത്തി എണ്ണൂറ്റി ഇരുപത് രൂപ) അനാവർത്തക ചെലവും പ്രതീക്ഷിക്കുന്നു.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ 3-ാം ഖണ്ഡത്തിന്റെ (1)-ാം ഉപഖണ്ഡം, ഗസറ്റ് വിജ്ഞാപനംവഴി ഓരോ ജില്ലയിലും ജില്ലാ ഭക്ഷണ വില ക്രമീകരണ അതോറിറ്റി രൂപീകരിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

2. ബില്ലിലെ 3-ാം ഖണ്ഡത്തിന്റെ (2)-ാം ഉപഖണ്ഡം (എ) ഇനം, ചെയർപേഴ്സനെ നിയമിക്കുന്നതിനുള്ള നടപടിക്രമങ്ങൾ നിശ്ചയിച്ചുകൊണ്ട് ചട്ടങ്ങൾ ഉണ്ടാക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു. ബില്ലിലെ 3-ാം ഖണ്ഡം (2)-ാം ഉപഖണ്ഡത്തിന്റെ ക്ലിപ്ത നിബന്ധന ചെയർപേഴ്സനെ സർക്കാർ നിയമിച്ചിട്ടില്ലാത്തപക്ഷം 2013-ലെ ദേശീയ ഭക്ഷ്യ സുരക്ഷാ ആക്റ്റിലെ 15-ാം വകുപ്പ് പ്രകാരം നിയമിക്കപ്പെട്ട ജില്ലാ പരാതി പരിഹാര ആഫീസർമാരെ ചെയർപേഴ്സന്റെ ചുമതലകൾ ഗസറ്റ് വിജ്ഞാപനംവഴി ഏല്പിച്ച് കൊടുക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

3. ബില്ലിലെ 3-ാം ഖണ്ഡം (4)-ാം ഉപഖണ്ഡം, ചെയർപേഴ്സന്റെയും അംഗങ്ങളുടെയും ശമ്പളവും അലവൻസുകളും നിശ്ചയിച്ചുകൊണ്ട് ചട്ടങ്ങൾ ഉണ്ടാക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

4. ബില്ലിലെ 3-ാം ഖണ്ഡം (5)-ാം ഉപഖണ്ഡം, ചെയർപേഴ്സന്റെയും അംഗങ്ങളുടെയും നിയമന രീതിയും മറ്റ് സേവന വ്യവസ്ഥകളും യോഗങ്ങൾ നടത്തുന്നതിനുള്ള സ്ഥലം, സമയം, ക്വാറം, നടപടിക്രമങ്ങൾ എന്നിവയും നിശ്ചയിച്ചുകൊണ്ട് ചട്ടങ്ങൾ ഉണ്ടാക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

5. ബില്ലിലെ 4-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം, ഹോട്ടലുകൾ ഗ്രേഡ് തിരിക്കുന്നതിനുള്ള മാനദണ്ഡങ്ങളും വ്യവസ്ഥകളും നിശ്ചയിച്ചുകൊണ്ട് ചട്ടങ്ങൾ ഉണ്ടാക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

6. ബില്ലിലെ 4-ാം ഖണ്ഡത്തിന്റെ (1)-ാം ഉപഖണ്ഡം (ഇ) ഇനം, വ്യവസ്ഥകളുടെ ലംഘനത്തിൻമേൽ അന്വേഷണ വിചാരണ നടത്തി, ശിക്ഷാനടപടികൾ കൈക്കൊള്ളുന്നതിനുള്ള നടപടിക്രമങ്ങൾ നിശ്ചയിച്ചുകൊണ്ട് ചട്ടങ്ങൾ ഉണ്ടാക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

7. ബില്ലിലെ 4-ാം ഖണ്ഡത്തിന്റെ (1)-ാം ഉപഖണ്ഡം (ജി) ഇനം, ആക്റ്റിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ നടപ്പിലാക്കുന്നതിനുള്ള ചുമതലകൾ നിശ്ചയിച്ചുകൊണ്ട് ചട്ടങ്ങൾ ഉണ്ടാക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

8. ബില്ലിലെ 4-ാം ഖണ്ഡത്തിന്റെ (2)-ാം ഉപഖണ്ഡം (എഫ്) ഇനം, വില ക്രമീകരണത്തിനുള്ള മറ്റ് മാനദണ്ഡങ്ങളും വ്യവസ്ഥകളും നിശ്ചയിച്ചുകൊണ്ട് ചട്ടങ്ങൾ ഉണ്ടാക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

9. ബില്ലിലെ 4-ാം ഖണ്ഡം (4)-ാം ഉപഖണ്ഡം, ജില്ലാ അതോറിറ്റിയിലെ ജീവനക്കാരുടെ നിയമനരീതി, സേവന വേതന വ്യവസ്ഥകൾ എന്നിവ നിശ്ചയിച്ചുകൊണ്ട് ചട്ടങ്ങൾ ഉണ്ടാക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

10. ബില്ലിലെ 6-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം, സർക്കാർ, വിജ്ഞാപനം വഴി നിശ്ചയിക്കുന്ന തീയതിയിൽ സംസ്ഥാനത്ത് നിലവിലുള്ള എല്ലാ ഹോട്ടലുകളും, പുതുതായി ആരംഭിക്കുന്ന ഹോട്ടലുകളും ജില്ലാ അതോറിറ്റിയിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള കാലാവധി നിശ്ചയിച്ചുകൊണ്ട് ചട്ടങ്ങൾ ഉണ്ടാക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

11. ബില്ലിലെ 6-ാം ഖണ്ഡം (2)-ാം ഉപഖണ്ഡം, (1)-ാം ഉപവകുപ്പ് പ്രകാരം ഹോട്ടലുകൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷാ ഫാറവും, രീതിയും ഫീസും നിശ്ചയിച്ചുകൊണ്ട് ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

12. ബില്ലിലെ 6-ാം ഖണ്ഡം (4)-ാം ഉപഖണ്ഡം, (1)-ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള ഹോട്ടലുകളുടെ രജിസ്ട്രേഷന് ഈ ആക്റ്റ് നിലവിൽ വന്ന സാമ്പത്തിക വർഷത്തെ ഏപ്രിൽ 1-ാം തീയതി ആ ഹോട്ടലിൽ നിലവിലുണ്ടായിരുന്ന വിലവിവരപ്പട്ടികയും

പിന്നീട് നിലവിൽ വരുന്ന ഹോട്ടലുകളിൽ നിലവിൽ വരുത്തുവാൻ ഉദ്ദേശിക്കുന്ന വിലവിവരപ്പട്ടികയും സാക്ഷ്യപ്പെടുത്തേണ്ട വിധം നിശ്ചയിച്ചുകൊണ്ട് ചട്ടങ്ങൾ ഉണ്ടാക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

13. ബില്ലിലെ 6-ാം ഖണ്ഡം (8)-ാം ഉപഖണ്ഡം, ജില്ലാ വില നിയന്ത്രണ അതോറിറ്റി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള ഫാറം നിശ്ചയിച്ചുകൊണ്ട് ചട്ടങ്ങൾ ഉണ്ടാക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

14. ബില്ലിലെ 6-ാം ഖണ്ഡം (9)-ാം ഉപഖണ്ഡം, രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ഹോട്ടലുകളിൽ ഭക്ഷണപാനീയങ്ങളുടെ വില വർദ്ധിപ്പിക്കുന്നതിനായി അപേക്ഷ സമർപ്പിക്കേണ്ടുന്ന ഫാറവും ഫീസും നിശ്ചയിച്ചുകൊണ്ട് ചട്ടങ്ങൾ ഉണ്ടാക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

15. ബില്ലിലെ 6-ാം ഖണ്ഡം (11)-ാം ഉപഖണ്ഡം, ജില്ലാ അതോറിറ്റി നൽകുന്ന രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിനുള്ള ഫാറം നിശ്ചയിച്ചുകൊണ്ട് ചട്ടങ്ങൾ ഉണ്ടാക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

16. ബില്ലിലെ 6-ാം ഖണ്ഡം (12)-ാം ഉപഖണ്ഡം, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നഷ്ടപ്പെടുകയോ നശിച്ചുപോകുകയോ മോഷ്ടിക്കപ്പെടുകയോ വികൃതമാക്കപ്പെടുകയോ അതിന് കേടുസംഭവിക്കുകയോ ചെയ്യുന്ന സംഗതിയിൽ ഹോട്ടലുടമയുടെ അപേക്ഷയിൻമേൽ ജില്ലാ അതോറിറ്റി ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള ഫീസ് നിശ്ചയിച്ചുകൊണ്ട് ചട്ടങ്ങൾ ഉണ്ടാക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

17. ബില്ലിലെ 6-ാം ഖണ്ഡം (13)-ാം ഉപഖണ്ഡം, ഹോട്ടലുകളുടെ രജിസ്ട്രേഷൻ നൽകിയത് സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള രജിസ്റ്ററിന്റെ മാതൃക നിശ്ചയിച്ചുകൊണ്ട് ചട്ടങ്ങൾ ഉണ്ടാക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

18. ബില്ലിലെ 8-ാം ഖണ്ഡം (2)-ാം ഉപഖണ്ഡം (ജി) ഇനം, ജില്ലാ അതോറിറ്റിക്ക് 1908-ലെ സിവിൽ നടപടി നിയമസംഹിത പ്രകാരം ഒരു വ്യവഹാരം വിചാരണ ചെയ്യുമ്പോൾ മറ്റേതെങ്കിലും കാര്യത്തിന് സിവിൽ കോടതിക്കുള്ള അധികാരം വിനിയോഗിക്കുന്നത് നിശ്ചയിച്ചുകൊണ്ട് ചട്ടങ്ങൾ ഉണ്ടാക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

19. ബില്ലിലെ 10-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം, ജില്ലാ അതോറിറ്റിയുടെ ഉത്തരവിനെതിരെ സംസ്ഥാന ഫുഡ് കമ്മീഷണർ മുമ്പാകെ അപ്പീൽ സമർപ്പിക്കുന്നതിനുള്ള രീതി നിശ്ചയിച്ചുകൊണ്ട് ചട്ടങ്ങൾ ഉണ്ടാക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

20. ബില്ലിലെ 10-ാം ഖണ്ഡത്തിന്റെ (2)-ാം ഉപഖണ്ഡം, ഫുഡ് കമ്മീഷണർ മുമ്പാകെ അപ്പീൽ സമർപ്പിക്കുന്നതിനുള്ള ഫീസ് നിശ്ചയിച്ചുകൊണ്ട് ചട്ടങ്ങൾ ഉണ്ടാക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

21. ബില്ലിലെ 11-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം, സംസ്ഥാന ഫുഡ് കമ്മീഷണറുടെ ഉത്തരവിനെതിരെ സർക്കാരിലേക്ക് റിവിഷൻ അപേക്ഷ നല്കുന്നതിനുള്ള രീതി നിശ്ചയിച്ചുകൊണ്ട് ചട്ടങ്ങൾ ഉണ്ടാക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

22. ബില്ലിലെ 13-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിൽ വരുത്തുന്നതിൽ എന്തെങ്കിലും വൈഷമ്യം ഉണ്ടാകുന്നപക്ഷം, അപ്രകാരമുള്ള വൈഷമ്യം നീക്കംചെയ്യുന്നതിന് ആവശ്യമെന്ന് തോന്നുന്നതും ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതുമായ വ്യവസ്ഥകൾ, ഗസറ്റിൽ പ്രസിദ്ധീകരിച്ച ഉത്തരവ് വഴി, ഉണ്ടാക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

23. ബില്ലിലെ 20-ാം ഖണ്ഡം ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി, ഗസറ്റ് വിജ്ഞാപനംവഴി, ചട്ടങ്ങൾ ഉണ്ടാക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

24. ഏതുകാര്യങ്ങളെ സംബന്ധിച്ചാണോ, ചട്ടങ്ങൾ ഉണ്ടാക്കുകയോ വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കുകയോ ചെയ്യാവുന്നത് അവ നടപടിക്രമം സംബന്ധിച്ച കാര്യങ്ങളും സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോടുകൂടിയതും ആകുന്നു. കൂടാതെ, ചട്ടങ്ങൾ ഉണ്ടാക്കിയശേഷം അവ നിയമസഭയുടെ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയവുമാണ്. അതിനാൽ ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

അനൂപ് ജേക്കബ്.